**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5247 02/07/2013 ൽ മറുപടിക്ക്

## ഇ-മാലിന്യ നയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | സി.എൻ. ബാലകൃഷ്ണൻ<br>സഹകരണവും ഖാദിഗ്രാമ വ്യവസായവും<br>മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഇ-മാലിന്യ നയം രൂപീകരിച്ചി ട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | കേന്ദ്രസർക്കാർ 2011 ൽ വിജ്ഞാപനം ചെയ്ത ഇ-വേസ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാൻഡലിംഗ്) ചട്ടങ്ങൾ, ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് പുറത്തിറക്കിയ മാർഗ്ഗ രേഖകൾ എന്നിവയിൽ അധിഷ്ഠിതമായ നയമാണ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള ഇ-മാലിന്യ (കൈകാര്യ) ചട്ടങ്ങൾ പ്രകാരം ഉല്പാദകർ തന്നെ ഇ-മാലിന്യങ്ങൾ തിരിച്ചെടുക്കുന്നു എന്ന് ഉറപ്പുവരുത്താനുള്ള ചുമതല മലിനീകരണ നിയന്ത്രണ ബോർഡിനുണ്ടോ; | (ബി) | ഇ-ഉല്പന്നങ്ങൾ കേരളത്തിൽ വിറ്റഴിയുന്നത് വാണിജ്യ സംരംഭകരിലൂടെയാണ് (Whole sale & Retails shops വഴി). ഇവർ ബോർഡിന്റെ അനുമതി പരിധിയിൽ വരുന്നില്ല. ആയതിനാൽ അവർക്ക് അനുമതി പ്രക്രിയയിലൂടെ ഉപയോഗശേഷമുള്ള ഇ-മാലിന്യം തിരിച്ചെടുക്കുവാനുള്ള സംവിധാനം (take back system) ഏർപ്പെടുത്തിക്കുവാൻ ബോർഡിൽ നിന്നും കഴിയുകയില്ല. |
| (സി) | എങ്കിൽ ഇലക്ട്രോണിക് പാഴ് വസ്തുക്കൾ, ഫ്ളക്സ് പ്രിന്ററുകളിലും ഫോട്ടോസ്റ്റാറ്റ് മെഷീനുകളിലും ഉപയോഗിക്കുന്ന മാരകവിഷങ്ങ ളടങ്ങിയ മഷികൾ, ടോണറുകൾ എന്നിവ അതത് സ്ഥാപനങ്ങൾ തന്നെ സംസ്കരിക്കുന്നു എന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | ഇലക്ട്രോണിക് പാഴ് വസ്തുക്കൾ സംസ്ഥാനത്തിനു പുറത്തുള്ള കേന്ദ്രീകൃത സംസ്കരണശാലകളിൽ എത്തിക്കാൻ അംഗീകൃത ഏജൻസികൾ തയ്യാറായി വന്നിട്ടുണ്ട്. നഗരസഭകളിൽ കേന്ദ്രീകൃത ശേഖരണ സംവിധാനങ്ങൾ ഉണ്ടാക്കി അവിടെ നിന്നും ഇത്തരം അംഗീകൃത ഏജൻസികൾക്ക് എടുത്തുകൊണ്ടു പോകാനുള്ള ഒരു പൊതുസംവിധാനം ഉണ്ടാക്കുന്ന കാര്യം സർക്കാർ പരിഗണിച്ചുവരികയാണ്. സ്ഥാപനങ്ങൾ മുഖേന സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ സംസ്ഥാനത്ത് നിലവിലില്ല. |

സെക്ഷൻ ഓഫീസർ

9/